കാട്ടാക്കട വണ്ടന്നൂർ റോഡ് നന്നാക്കണമെന്ന ആവശ്യം

36 (1278) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര-കാട്ടാക്കട പി.ഡബ്ല്യു.ഡി. റോഡിൽ വണ്ടന്നൂർ ഭാഗത്ത് വയൽ നികത്തി റോഡ് ഉയർത്തി മെറ്റൽ ചെയ്തത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഭാഗത്ത് മെറ്റൽ ഇളകി റോഡ് ഗതാഗതയോഗ്യമല്ലാതായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത ഭാഗത്ത് റോഡ് ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കുവാൻ അടിയന്തിരമായി നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) 6-5-1998-ൽ

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത ഭാഗത്ത് റോഡ് ടാർ ചെയ്യുന്നതിന് ടെണ്ടർ വിളിച്ചിട്ടുണ്ട്.

ചെറുവണ്ണൂർ-വടകര റോഡിന്റെ നിർമ്മാണം

37 (1279) ശ്രീമതി എൻ. കെ. രാധ : താഴെകാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പേരാമ്പ്ര നിയോജകമണ്ഡലത്തിലെ ചെറുവണ്ണൂർ-വടകര റോഡിന്റെ പണിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?

ഉത്തരം

പേരാമ്പ്ര നിയോജക മണ്ഡലത്തിലെ പേരാമ്പ്ര-ചെറുവണ്ണൂർ-വടകര റോഡ് 0/0 മുതൽ 9/800 വരെ വീതി കൂട്ടി അഭിവൃദ്ധിപ്പെടുത്തുന്നതിന് വേണ്ടി 67 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ പണിക്ക് 1999-2000 ബഡ്ജറ്റിൽ 15 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഗവൺമെന്റ് ക്വാർട്ടേഴ്സിൽ അനധികൃതമായി താമസിക്കുന്നവർ

38 (1280) ശ്രീമതി ആർ. ലതാദേവി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ വെള്ളിയിലുള്ള ഗവൺമെന്റ് ഓഫീസേഴ്സ് ക്വാർട്ടേഴ്സിൽ ജില്ലയിൽ നിന്നും സ്ഥലംമാറിയവരും റിട്ടയർ ചെയ്തവരുമായവർ താമസിക്കുന്നുണ്ട് എന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അനർഹമായി താമസിക്കുന്നവരാരെന്നും അവരുടെ ഔദ്യോഗിക സ്ഥാനമെന്തെന്നും ഏതെല്ലാം ക്വാർട്ടേഴ്സുകളിലാണ് അവർ താമസിച്ചു വരുന്നതെന്നും വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവർക്ക് ക്വാർട്ടേഴ്സ് ഒഴിയുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ എന്നാണ് നോട്ടീസ് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ഇ) നിലവിൽ ജില്ലയിലുള്ള എത്ര ഉദ്യോഗസ്ഥർ ക്വാർട്ടേഴ്സിന് അപേക്ഷിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ ;

(എഫ്) എന്നേയ്ക്ക് അർഹരായവർക്ക് ക്വാർട്ടേഴ്സ് കൊടുക്കും എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. ശ്രീമതി എ.കെ. മരിയാത്ത്, സി1 ക്വാർട്ടേഴ്സ്, പ്രിൻസിപ്പാൾ (റിട്ടയേർഡ്) ഗവ : ഹയർ സെക്കന്ററി സ്ക്കൂൾ, അഞ്ചാലുംമൂട്.

2. ശ്രീ. കെ. വിജയൻ, സി 13 ക്വാർട്ടേഴ്സ്, ഡെപ്യൂട്ടി കമ്മീഷണർ (ലീഗൽ വിംഗ്), വാണിജ്യ നികുതി കമ്മീഷണറുടെ ഓഫീസ്.

3. റ്റി.ജെ. ജോസ്, ഡി 1 ക്വാർട്ടേഴ്സ്, സൂപ്രണ്ട് ഓഫ് പോലീസ്, നാർക്കോട്ടിക് സെൽ, തിരുവനന്തപുരം.

4. സരോജനിയമ്മ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ, കോട്ടയം, ക്വാർട്ടർ നം. ബി4.

5. അബ്ദുൽ ഹമീദ്, അസിസ്റ്റന്റ് എൻജിനീയർ, എൻ.ഇ.എസ്. ബ്ലോക്ക്, മുഖത്തല, ക്വാർട്ടർ നം. ബി5.

6. എം. മെഹറുന്നീസ, മൂസാക്കുട്ടി (ലേറ്റ്), ജഡ്ജ്, എം.എ.സി.റ്റി. കൊല്ലം, ക്വാർട്ടർ നം.സി. 11.

7. റ്റി.എം. രവീന്ദ്രനാഥൻ, എക്സിക്യൂട്ടീവ് എൻജിനീയർ, എൻ.എച്ച്. ഡിവിഷൻ, തിരുവനന്തപുരം, ക്വാർട്ടർ നം. ബി1.

(സി) മൂന്ന് പേർക്ക് നോട്ടീസ് കൊടുത്തിട്ടുണ്ട്.

(ഡി) ശ്രീ. കെ. വിജയൻ 22-11-1999 നും 19-2-2000 നും, ശ്രീ. എ. കെ. മരിയാത്ത് 11-1-2000 ന്, ശ്രീ. റ്റി. ജെ. ജോസ്, 31-12-1998 ന് മറ്റ് നാല് പേരുടെ അനധികൃത താമസം സംബന്ധിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ഇ) 151 പേർ

(എഫ്) ഒഴിവ് വരുന്ന മുറയ്ക്ക് ക്വാർട്ടേഴ്സ് നൽകുന്നതാണ്.

പാരിപ്പള്ളി മടത്തറ റോഡിനെ സ്റ്റേറ്റ് ഹൈവേയാക്കാൻ നടപടി

39 (1281) ശ്രീമതി ആർ. ലതാദേവി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ പ്രധാന റോഡായ പാരിപ്പള്ളി-മടത്തറ റോഡിനെ സ്റ്റേറ്റ് ഹൈവേയാക്കാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly